**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2540** **23-02-2026 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിലെ തൊഴിലാളികൾക്ക് ശാസ്ത്രീയ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ മേഖലയിലെ തൊഴിലാളികൾക്ക് ശാസ്ത്രീയ പരിശീലനം ലഭ്യമാക്കുന്നതിനും പൂർണ്ണ യന്ത്രവൽകരണം സാധ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | കയർ മേഖലയിലെ തൊഴിലാളികൾക്ക് ശാസ്ത്രീയ പരിശീലനം നൽകുന്നതിന്റെ ഭാഗമായി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന 500 ക്രാഫ്റ്റ്സ്മാൻമാർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാമിൽ 450 പേരുടെ പരിശീലനം കയർ കോർപ്പറേഷനിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 3.5 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയവരുടെ തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി പരിശീലനം ലഭിച്ച തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു കയർ ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പിന്തുണയോടുകൂടി Alleppey Small Scale Coir Workers Co-operative Society Ltd No.A 1440 എന്ന സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ഇതോടൊപ്പം തന്നെ പരിശീലനം പൂർത്തിയാക്കിയ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങളും തൊഴിലും ഉറപ്പ് വരുത്തുന്നതിനായി ഒരു കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ആരംഭിക്കുന്നതിന് 99.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് .<br><br>കയർ സഹകരണ സംഘങ്ങളുടെ പൂർണ്ണ യന്ത്രവൽക്കരണം സാധ്യമാക്കുന്നതിനായി നടപ്പിലാക്കിയ രണ്ടാം കയർ പുനഃസംഘടനയോട് അനുബന്ധിച്ച് 1500- ഓളം ASM മെഷീനുകൾ കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായി നൽകിയിരുന്നു. പ്രസ്തുത മെഷീനുകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും 750 മെഷീനുകൾക്ക് മറ്റ അനുബന്ധ അറ്റകുറ്റപ്പണികൾ നൽകുന്നതിനും കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിങ് കമ്പനിയെ ചുമതലപ്പെടുത്തുകയും, അതിൽ 465 |

| | | | |
|---|---|---|---|
| | | | മെഷീനുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ വിവിധ കയർ പ്രോജക്ടുകൾക്ക് കീഴിലെ 13 DF മെഷീനുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഈ സാമ്പത്തിക വർഷം 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ മെഷീനുകളുടെ അറ്റകുറ്റപ്പണികൾ പുരോഗമിച്ചു വരുന്നു.<br><br>പരീക്ഷണാടിസ്ഥാനത്തിൽ ഓട്ടോഫീഡറോടു കൂടിയ ASMകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിങ് കമ്പനിക്ക് 32.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ദേശീയ പാതയുടെ നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലം കയർ വ്യവസായത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | ദേശീയപാത അതോറിറ്റിയെ കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും ഉപയോഗസാധ്യതകളും കയറിന്റെ സവിശേഷതകളും ബോധ്യപ്പെടുത്തുകയും പ്രധാനമന്ത്രി ഗ്രാമീണ സടക് യോജന (PMGSY) പദ്ധതിയിൽപ്പെടുത്തി നിർമ്മിക്കുന്ന റോഡുകളുടെ ആകെ ദൈർഘ്യത്തിന്റെ നിശ്ചിത ശതമാനം കയർ ഭൂവസ്ത്രം ഉൾപ്പടെയുള്ള പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിന് ധാരണയാകുകയും ചെയ്തിട്ടുണ്ട്. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇൻഡ്യൻ റോഡ് കോൺഗ്രസും (IRC) അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേ അതോറിറ്റിയുടെ കീഴിൽ വരുന്ന റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന സാങ്കേതിക വിദ്യകളും ഭൂവസ്ത്രം ഉൾപ്പടെയുള്ള നിർമ്മാണ വസ്തുക്കളും ഉപയോഗിക്കുവാൻ ധാരണയായിട്ടുമുണ്ട്.<br><br>കയർ വികസന വകുപ്പിന് കീഴിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ദേശീയപാത അതോറിറ്റിയുമായി ചേർന്നുകൊണ്ട് കയർ ഉത്പന്നങ്ങൾ ഉപയോഗിച്ച് മീഡിയനുകളെ സൗന്ദര്യവത്ക്കരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ധാരണയാവുകയും, ആദ്യഘട്ടമെന്നോണം കഴക്കൂട്ടം-കാരോട് ദേശീയപാതയിൽ കഴക്കൂട്ടം മേൽപ്പാലത്തിന്റെ തുടക്കത്തിലും, അവസാനിക്കുന്നിടത്തും 60 മീ. വീതം ആകെ 120 മീ. നീളത്തിൽ നിലവിലുള്ള മീഡിയനിൽ വിവിധയിനം ചെടികൾ ഉപയോഗിച്ച് ഈ പദ്ധതി പൂർത്തീകരിച്ചിട്ടുമുണ്ട്. ദേശീയപാതയിൽ മറ്റിടങ്ങളിൽ കൂടി കയർ ഭൂവസ്ത്രം ഉപയോഗിച്ചുകൊണ്ട് സൗന്ദര്യവത്ക്കരിക്കുന്നതിനുള്ള നടപടികൾ ദേശീയപാത അതോറിറ്റിയുമായി ചേർന്ന് സ്വീകരിച്ച് |

| | | | |
|---|---|---|---|
| | | | വരുന്നു. ഈ ശ്രമങ്ങളുടെ ഭാഗമായി 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ **80.48 കോടി രൂപ**യുടെ കയർ ഭൂവസ്ത്രം വിറ്റഴിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ